# ദൂത് 4: മത്സരത്തിന്റെ കീഴ്പ്പെടുത്തലും കർത്താവായ യേശുവിന്റെ കായാന്തരണവും എന്ന നിലയിൽ രാജ്യം

## മത്സരത്തിന്റെ കീഴ്പ്പെടുത്തൽ

### I. ദൈവരാജ്യം മത്സരത്തെ കീഴ്പ്പെടുത്തുന്ന ശക്തിയാണ്

- പ്രപഞ്ചത്തിൽ ദൈവവും സാത്താനും തമ്മിലുള്ള നിസ്തുലമായ തർക്കം അധികാരത്തെയും മത്സരത്തെയും സംബന്ധിച്ചുണ്ട്. മത്സരം ദൈവത്തിന്റെ അധികാരത്തിന്റെ നിരസനവും ദൈവഭരണത്തിന്റെ തിരസ്കരണവുമാണ്. സാത്താൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു പ്രധാനദൂതനായിരുന്നു, എന്നാൽ അവന്റെ അഹംഭാവം നിമിത്തം അവൻ അവനെത്തന്നെ ഉയർത്തുകയും, ദൈവത്തിന്റെ സർവാധികാരത്തെ ലംഘിക്കുകയും, ദൈവത്തിനെതിനരെ മത്സരിക്കുകയും, ദൈവത്തിന്റെ എതിരാളിയായിത്തീർന്ന് അവന്റെ സ്വന്തം രാജ്യം സ്ഥാപിക്കുകയും ചെയ്തു. മനഷ്യൻ പാപം ചെയ്തപ്പോൾ അവൻ ദൈവത്തിനെതിരെ മത്സരിക്കുകയും, ദൈവത്തിന്റെ അധികാരത്തെ നിരസിക്കുകയും, ദൈവത്തിന്റെ ഭരണത്തെ തിരസ്കരിക്കുകയും ചെയ്തു; ഭൂമിയിൽനിന്നും ദൈവത്തിന്റെ അധികാരത്തെ നീക്കിക്കളയുവാൻ ബാബേലിൽവച്ച് മനുഷ്യർ കൂട്ടായി ദൈവത്തിനെതിരെ മത്സരിച്ചു. ദൈവത്തിന്റെ അധികാരത്തിനെതിരെ സാത്താൻ മത്സരിക്കുകയും, ദൈവത്തിനെതിരെ മത്സരിച്ചുകൊണ്ട് അവന്റെ അധികാരത്തെ മനുഷ്യൻ ലംഘിക്കുകയും ചെയ്തുവെങ്കിലും, ഈ മത്സരം തുടർന്നുകൊണ്ടു പോകുവാൻ ദൈവം അനുവദിക്കുകയില്ല; ദൈവം അവന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കും. ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനും തന്റെ പദ്ധതി നടപ്പിലാക്കുന്നതിന് തന്റെ അധികാരം പ്രയോഗിക്കുവാൻ കഴിയുന്ന ഒരു ദിവ്യമണ്ഡലമാണ് ദൈവരാജ്യം സ്ഥാപിക്കുവാൻ കർത്താവായ യേശു വന്നു. ദൈവരാജ്യം സ്ഥാപിക്കുവാൻ, കർത്താവായ യേശു: ①സാത്താനെ പരാജയപ്പെടുത്തുകയും സകല കഷ്ടപ്പാടും, എതിർപ്പും, ആക്രമണവും അതിജീവിക്കുകയും ചെയ്തുകൊണ്ട് കർത്താവായ യേശു ജയശാലിയായ ഒരു മനുഷ്യനായി നിന്നു; ②മത്സരികളായ പാപികൾ അനുതപിച്ച് രക്ഷിക്കപ്പെടുകയും, ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ യോഗ്യരാക്കപ്പെടുകയും സജ്ജരാക്കപ്പെടുകയും ചെയ്യത്തക്കവണ്ണം രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു; ③ദൈവരാജ്യത്തിനുവേണ്ടി വീണ്ടുംജനനത്തിലൂടെ പാപികളെ ദൈവഭവനത്തിലേക്ക് കൊണ്ടുവരേണ്ടതിന്, ബലവാനായ സാത്താനെ ബന്ധിക്കുകയും, അവന്റെ വസ്തുവകകൾ കൊള്ളയടിക്കേണ്ടതിന് അവന്റെ ഭവനത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു; ④ദൈവാത്മാവിനാൽ ഭൂതങ്ങളെ പുറത്താക്കുമ്പോൾ, അവൻ സാത്താന്റെ രാജ്യത്തെ നശിപ്പിക്കുകയും ദൈവരാജ്യത്തെ കൊണ്ടുവരുകയുമായിരുന്നു. സാത്താന് ഒരു രാജ്യം, ഇരുട്ടിന്റെ അധികാരം, ഉണ്ട്; അത് ദൈവരാജ്യത്തിന് എതിരാണ്. സാത്താൻ ലോകത്തിന്റെ അധിപനും ആകാശത്തിന്റെ അധികാരിയുമാണ്; അവന് കീഴിൽ വാഴ്ചകളായും, അധികാരങ്ങളായും, ഈ ലോകത്തിലെ അന്ധകാരത്തിന്റെ ലോകാധിപതികളായും അവന്റെ ദൂതന്മാരുണ്ട്. മർക്കൊസ് 4:35-41-ൽ കർത്താവായ യേശുവിനെ കടലിന്റെ മറുകരയിലേക്ക് പോകുന്നതിൽനിന്നും തടസ്സപ്പെടുത്തുവാൻ ആകാശത്തിലുള്ള വീണുപോയ ദൂതന്മാരും വെള്ളത്തിലുള്ള ഭൂതങ്ങളും യോജിച്ചു പ്രവർത്തിച്ചു കാരണം അവൻ അവിടെ ഭൂതങ്ങളെ പുറത്താക്കുമെന്ന് അവർക്കറിയാമായിരുന്നു. അവൻ കാറ്റിനെ ശാസിക്കുകയും കടലിനോട് സംസാരിക്കുകയും ചെയ്തശേഷം, കാറ്റ് നിലയ്ക്കുകയും, അവിടെ ഒരു വലിയ ശാന്തത ഉണ്ടാകുകയും ചെയ്തു, കാരണം ദുഷ്ട ദൂതന്മാരുടെയും ഭൂതങ്ങളുടെയും മത്സരം രാജ്യത്തിന്റെ ശക്തിയാൽ കീഴ്പ്പെടുത്തപ്പെട്ടിരുന്നു..

  [Col. 1:13] അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു.
  [Mark 1:15] പറഞ്ഞത്, കാലം നിവൃത്തിയായി, ദൈവരാജ്യം സമീപിച്ചുമിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.
  [Eph. 6:12] എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

## കായാന്തരണം

### II. ദൈവരാജ്യം കർത്താവായ യേശുവിന്റെ കായാന്തരണമാണ്

- മർക്കൊസ് 9:1-13-ൽ വിവരിച്ചിരിക്കുന്നത് ശക്തിയിൽ വരുന്ന ദൈവരാജ്യത്തിന്റെ ഒരു ചിത്രമാണ്; ഈ ചിത്രത്തിന്റെ കേന്ദ്രം തേജസ്കരിക്കപ്പെട്ട യേശുവാണ്, അവനോടുകൂടെ പഴയനിയമ വിശുദ്ധന്മാരെ പ്രതിനിധീകരിക്കുന്ന മോശെയും ഏലീയാവും, പുതിയനിയമ വിശുദ്ധന്മാരെ പ്രതിനിധീകരിക്കുന്ന പത്രൊസും യാക്കോബും യോഹന്നാനും ഉണ്ട്.

  [Mark 9:2-3] ... ...യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു, അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത വിധത്തിൽ അത്യധികം വെളുത്തു തിളങ്ങുന്നതായിത്തീർന്നു.

- കർത്താവായ യേശു കായാന്തരപ്പെട്ടു എന്നതുകൊണ്ട് അർഥമാക്കുന്നത് അവന്റെ മനുഷ്യത്വം അവന്റെ ദിവ്യത്വത്തെക്കൊണ്ട് സാന്ദ്രീകരിക്കപ്പെടുകയും അഭിവ്യാപിക്കപ്പെടുകയും ചെയ്തു എന്നാണ്; അവന്റെ തേജസ്കരണമായിരുന്ന ഈ കായാന്തരണം അവന്റെ രാജ്യത്തിലുള്ള അവന്റെ വരവിനു തുല്യമായിരുന്നു. കർത്താവായ യേശുവിന്റെ കായാന്തരണം, പ്രകാശിക്കൽ, അവന്റെ രാജ്യത്തിലുള്ള അവന്റെ വരവായിരുന്നു; എവിടെ അവന്റെ കായാന്തരണമുണ്ടോ, അവിടെ രാജ്യത്തിന്റെ വരവുണ്ട്. കർത്താവായ യേശുവിന്റെ കായാന്തരണം അവൻ എന്താണെന്നുള്ളതിന്റെ സാക്ഷാൽക്കാരമായിരുന്നു.
  [Matt. 17:2] അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.
  [Rev. 22:5] ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

- ഒരു വിത്തായി ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടിരിക്കുന്നു; തളിർക്കുകയും തേജസ്സിൽ വെളിപ്പെടുകയും ചെയ്യുന്നതുവരെ ഈ വിത്ത് വളരുകയും വികസിക്കുകയും ചെയ്യും. ദൈവരാജ്യത്തിന്റെ വിത്തായി നാം സ്വീകരിച്ചിരിക്കുന്നവൻ നമ്മുടെ ഉള്ളിൽനിന്നും പുഷ്പിക്കുന്നതുവരെ നമ്മിൽ വളരേണ്ടതാവശ്യമാണ്; ഈ പുഷ്പിക്കൽ പ്രായോഗികവും അനുഭവപരവുമായ രീതിയിൽ കർത്താവിന്റെ കായാന്തരണമായിരിക്കും. ക്രിസ്തു നമ്മുടെ ഉള്ളിൽ കായാന്തരപ്പെടുമ്പോൾ, ആ കായാന്തരണം നമ്മുടെ ജീവിതത്തിലുള്ള സകലത്തിനുംമേൽ ഭരണം നടത്തുന്ന ദൈവരാജ്യമായിത്തീരുന്നു. ദൈവരാജ്യമെന്ന നിലയിൽ സഭയ്ക്ക് സ്വാഭാവിക ജീവനിൽ നിലനിൽക്കുവാൻ കഴിയുകയില്ല, കായാന്തരണത്തിന്റെ ഈ മണ്ഡലത്തിൽ മാത്രമേ നിലനിൽക്കുവാൻ കഴിയുകയുള്ളൂ. കർത്താവിൻ നിമിത്തം നമ്മുടെ ദേഹി-ജീവനെ നഷ്ടപ്പെടുത്തുവാൻ നാം മനസ്സുള്ളവരാണെങ്കിൽ, സഭാ ജീവിതത്തിൽ പ്രബലമായ ഒരു കായാന്തരണം നാം അനുഭവിക്കും; ഈ കായാന്തരണം ഒരു യഥാർഥ ഉണർവായിരിക്കും.
  [Col. 3:4] നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.
  [Mark 8:35] തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തവും സുവിശേഷം നിമിത്തവും തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ രക്ഷിക്കും.

## III. "അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും"

- രാജ്യത്തിന്റെ പ്രത്യക്ഷതയുടെ സമയത്ത്, നമ്മുടെ മനുഷ്യത്വം നമ്മുടെ ഉള്ളിലുള്ള മഹത്വകരമായ ദിവ്യത്വത്താൽ തേജസ്കരിക്കപ്പെടും. ഒരർഥത്തിൽ, കർത്താവ് സ്വർഗത്തിൽനിന്ന് മടങ്ങിവരും, എന്നാൽ മറ്റൊരർഥത്തിൽ, അവൻ നമ്മിൽനിന്ന് പുറത്തുവരും; അവൻ നമ്മിൽനിന്ന് പൂർണ്ണമായി ജീവിച്ചു വെളിപ്പെടുമ്പോൾ, അതായിരിക്കും അവന്റെ വരവിന്റെ സമയം. രാജ്യത്തിന്റെ പൂർണ പ്രത്യക്ഷതയുടെ സമയത്ത്, നാം പൂർണമായി തേജസ്സിലേക്ക് പ്രവേശിക്കും. സഹസ്രാബ്ദത്തിൽ ജയാളികളായ വിശ്വാസികൾ രാജ്യത്തിന്റെ ശോഭയുള്ള തേജസ്സിൽ ക്രിസ്തുവിനോടു കൂടെയായിരിക്കും, അതേസമയം പരാജിതരായ ക്രിസ്ത്യാനികൾ പുറത്തുള്ള ഇരുട്ടിൽ ശിക്ഷണം അനുഭവിക്കും.
  [Col. 1:27] അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,
  [2 Thes. 1:9] ആ നാളിൽ തന്റെ വിശുദ്ധന്മാരിൽ അവൻ മഹത്വപ്പെടുവാനും (നിങ്ങളോടുള്ള ഞങ്ങളുടെ സാക്ഷ്യം വിശ്വസിച്ചതിനാൽ) വിശ്വസിച്ച എല്ലാവരിലും ആശ്ചര്യപ്പെടുവാനും അവൻ വരുമ്പോൾ.
  [Matt. 13:43] അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും....